LIBRARY ARCHIVES Kerala Legislative Assembly

ഖാദിവസ്ത്രങ്ങളുടെ വില്പന വർദ്ധിപ്പിക്കാൻ നടപടി

196 (5086) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വസ്ത്രങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകിയിരുന്ന റിബേറ്റ് പിൻവലിച്ചത് പുനഃസ്ഥാപിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) റിബേറ്റ് പിൻവലിച്ചത് ഖാദിവസ്ത്ര വില്പനയെ എപ്രകാരമാണ് ബാധിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പ്രതിസന്ധി മറികടക്കുന്നതിന് ഖാദി ബോർഡ് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും എന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഇല്ല.

(ബി) ഖാദിയുടെ വില്പനയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ ഇപ്പോൾ നൽകിവരുന്ന 10% റിബേറ്റിന് പുറമെ ഉത്സവകാലങ്ങളിൽ 10% സ്പെഷ്യൽ റിബേറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസിസ്റ്റൻസ് (MDA) വിഹിതത്തിൽ വക കൊള്ളിച്ചുകൊണ്ട് ബോർഡിന്റെ വകയായി 10% സ്പെഷ്യൽ റിബേറ്റും നൽകുന്നതിനുള്ള നടപടി ഖാദി ബോർഡ് സ്വീകരിച്ചുവരുന്നു. നിലവിലുള്ള സംസ്ഥാന സർക്കാരിന്റെ 10% സാധാരണ റിബേറ്റ് ഉൾപ്പെടെ ഉത്സവകാലങ്ങളിൽ ഉപഭോക്താക്കൾക്ക് 30% വരെ റിബേറ്റ് ലഭിക്കുന്നതാണ്.

ഖാദി വസ്ത്രങ്ങൾക്ക് കേന്ദ്രഗവൺമെന്റിൽനിന്നും റിബേറ്റ് ലഭ്യമാക്കാൻ നടപടി

197 (5087) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വസ്ത്രങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ റിബേറ്റ് നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനമാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഖാദി വസ്ത്രങ്ങൾക്ക് റിബേറ്റ് ലഭ്യമാക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ ;

(സി) ഖാദി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ഖാദി ബോർഡും സർക്കാരും എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?